DESPATCHED
On. 26/2/2020

31/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.1124(6)/2016/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.16264/എസ്.ഐ.സി-ജി 5/2016)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ.സോമനാഥൻ
എസ്.എൻ.ഹൗസ്, ചിറ്റാർ.പി.ഒ , 689 663
പത്തനംതിട്ട. } പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസി.എഞ്ചിനിയർ,
KSEB,ഇലക്ട്രിക്കൽ സെക്ഷൻ
കക്കാട് പ്രോജക്ട്, സീതത്തോട്- 689 667 } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 19.12.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 22.12.2016 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 27.12.2016 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 07.12.2019 ഐ.ടി.മിഷൻ<br>വീഡിയോ കോൺഫറൻസ്<br>ഹാൾ,കളക്ടറേറ്റ്,പത്തനംതിട്ട |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായില്ല |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. സോമനാഥൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ടിരുന്നത്, ശ്രീ.രാജീവ്കുമാർ എന്നയാൾക്ക് 10.11.2016 തീയതി വീടിന് ഇലക്ട്രിക്ക് കണക്ഷൻ അനുവദിക്കുന്നതിന്

നൽകിയ രേഖകളുടെ പകർപ്പായിരുന്നുവെന്നും 17.12.2016 തീയതി എതിർകക്ഷി മുമ്പാകെ പരാതി നൽകിയിരുന്നെങ്കിലും ആയതിൽ പല കുറവുകളും ആരോപിച്ചതിനാൽ 19.12.2016 തീയതി മേൽപ്പടി അപേക്ഷ തപാലായി അയച്ചുകൊടുത്തുവെന്നും അഡ്രസ്സ് തെറ്റാണെന്നു പറഞ്ഞ് KSEB യുടെ ഓഫീസുകളിലൊന്നും ടിയാന്റെ അപേക്ഷ കൈപ്പറ്റുന്നില്ലായെന്നും ആയതിനാൽ വില്ലേജ് സർവ്വേ നമ്പർ 947/1-2 വീടിന് ശ്രീ.രാജീവ്കുമാറിന് ഇലക്ട്രിക്ക് കണക്ഷൻ നൽകിയ രേഖകളുടെയും പ്രമാണങ്ങളുടെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ നൽകാൻ നിർദ്ദേശം നൽകണമെന്നും മറ്റുമാണ്.

2. എതിർകക്ഷി (Asst.Engineer, Electrical Section, Kakkad Project, Seethathodu) മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ്:

i) ചിറ്റാർ ഗ്രാമ പഞ്ചായത്തിലെ സമ്പൂർണ്ണ വൈദ്യൂതീകരണ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്തിൽ നിന്നും ലഭിച്ചത് നൽകണമെന്നും

ii) നിലം നികത്തിയ സ്ഥലത്ത് വീട് വച്ചവർക്ക് വീട്ടുനമ്പർ ലഭിക്കാത്തവർ എത്ര പേർ എന്നും

iii) പഞ്ചായത്തിൽ അപേക്ഷിച്ചിട്ടും മതിയായ നിയമപരമായ ഉടമസ്ഥാവകാശം ഹാജരാകാത്തവർ എത്ര പേരെന്നും

iv) കേരള വൈദ്യുതി മന്ത്രി ശ്രീ.കെ സുരേന്ദ്രന്റെ ഉത്തരവിന്റെ കോപ്പി നൽകണമെന്നും

v) ചിറ്റാർ വില്ലേജിൽ സർവ്വേ നമ്പർ 947/1-2 വീടിനും സ്ഥലത്തിനും ശ്രീ.രാജീവ്കുമാർ KL/14/111/270637-ചിറ്റാർ ഹാജരാക്കിയ രേഖകളുടെയും പ്രമാണങ്ങളുടെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ നൽകണമെന്നും മറ്റുമായി 7 ഇനങ്ങൾ സംബന്ധിച്ച വിവരങ്ങളാണ്.

3. കമ്മീഷൻ മുമ്പാകെ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. രാജീവ് കുമാറിന്റെ ഇലക്ട്രിക് കണക്ഷനുമായി ബന്ധപ്പെട്ട് ഹർജിക്കാരൻ

RIGHT TO INFORMATION

ആവശ്യപ്പെട്ട രേഖകൾ ടിയാനു നൽകിയിട്ടുള്ളതാണെന്നും 23.01.2017 തീയതി നൽകിയ രേഖകളിൽ SPIO സീൽ ചെയ്ത് ഒപ്പ് രേഖപ്പെടുത്തി നൽകിയില്ല എന്നു ഹർജിക്കാരൻ പരാതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ സീൽ ചെയ്ത് ഒപ്പിട്ട രേഖകൾ ഹർജിക്കാരനു വീണ്ടും നൽകിയിരുന്നു എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട ശ്രീ. രാജീവ് കുമാറിന്റെ ഇലക്ട്രിക് കണക്ഷനുമായി ബന്ധപ്പെട്ട രേഖകൾ സീതത്തോട് KSEB കാര്യാലയത്തിൽ നിന്നും ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നു. ആയതു സ്ഥാപിക്കുന്ന രേഖകൾ എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാണ്. ടി രേഖകൾ ഇനിയും ലഭിച്ചിട്ടില്ലെന്നു ഹർജിക്കാരന് ആക്ഷേപമുണ്ടെങ്കിൽ ടി രേഖകൾ എതിർകക്ഷി ഓഫീസിൽ നേരിൽ ഹാജരായി ഹർജിക്കാരന് സൗജന്യമായി കൈപ്പറ്റാവുന്നതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 31-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**ഒപ്പ്**
**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി(നിയമം)**

SU

RIGHT TO INFORMATION